## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 69 — 18.03.2013-ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിലെ പാലിയക്കരയിലെ ടോൾ നിരക്ക്

| ചോദ്യം | മറുപടി |
| --- | --- |
| **പ്രൊഫ.സി.രവീന്ദ്രനാഥ്** | **ശ്രീ.ഉമ്മൻചാണ്ടി** (മുഖ്യമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ പാലിയക്കര ടോൾ പ്ലാസയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കഴിഞ്ഞ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്; | (എ) 14/02/2013-ൽ നടന്ന മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) എടുത്ത തീരുമാനങ്ങളിൽ എന്തൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ; | (ബി) ചാലക്കുടി വരെയുള്ള സ്ട്രീറ്റ്‌ലൈറ്റുകൾ പൂർണ്ണമായും സ്ഥാപിച്ചിട്ടുണ്ട്. കരയാമ്പറമ്പ് വരെയുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്കൈവാക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ ബഹു.എം.എൽ.എ മാരുടെ നിർദ്ദേശപ്രകാരം കണ്ടെത്തുകയും അവ സ്ഥാപിക്കുന്നതിനായി സ്പോൺസർമാരെ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തിവരുന്നു. |
| (സി) മീറ്റിംഗിൽ എടുത്ത തീരുമാനങ്ങളിൽ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത് എന്താണെന്ന് വിശദമാക്കാമോ ; | (സി) കാലതാമസം ഉണ്ടായിട്ടില്ല. |
| (ഡി) കാലതാമസം ഒഴിവാക്കി ടോൾ നിരക്ക് കുറയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) ടോൾ പിരിക്കുന്ന കാലാവധി വർദ്ധിപ്പിച്ചുകൊണ്ട് ടോൾ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും അതനുസരിച്ച് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിനെയും സമീപിച്ചുവെങ്കിലും, കൺസഷണയർ എഗ്രിമെന്റ് പ്രകാരം അത് പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അവർ സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടോൾ നിരക്ക് കുറയ്ക്കുന്നതിന് ഇപ്പോഴത്തെ സാഹചര്യത്തിൽ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

**തൃശ്ശൂർ മണ്ണുത്തി-ഇടപ്പള്ളി ദേശീയപാതയിലെ പാലിയേക്കര ടോൾ പ്ലാസയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും, ബഹു.മരാമത്ത് വകുപ്പുമന്ത്രി, ബഹു.വിദ്യുച്ഛക്തി, ഗതാഗത വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 14.02.2013-ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് നിയമസഭാ മന്ദിരത്തിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

പങ്കെടുത്തവർ : പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

യോഗം ഉച്ചയ്ക്ക് 12 മണിയ്ക്ക് ആരംഭിച്ചു. മണ്ണുത്തി-ഇടപ്പള്ളി ദേശീയപാത പ്രവൃത്തിയെ സംബന്ധിച്ച അവലോകനമാണ് ആദ്യം നടന്നത്. അങ്കമാലി മുതലുള്ള സർവ്വീസ് റോഡുകൾ, ഡ്രെയിനേജ്, സിഗ്നൽ ലൈറ്റുകൾ എന്നിവ കംപ്ലീറ്റ് ചെയ്തിട്ടില്ലെന്നും ഇൻസ്പെക്ഷന് വരാമെന്ന് അറിയിച്ചിട്ടും ഇതുവരെയും ആരും എത്തിയില്ലെന്നും ശ്രീ.ജോസ് തെറ്റയിൽ എം.എൽ.എ പറഞ്ഞു.

യോഗത്തിൽ സംസാരിച്ച എം.എൽ.എമാർ പ്രൊഫ.സി.രവീന്ദ്രനാഥ്, ശ്രീ.ബി.ഡി.ദേവസ്സി എന്നിവരും ടോൾ പ്ലാസയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും, മുൻപ് നടന്ന യോഗതീരുമാന പ്രകാരം നടക്കേണ്ടതായ പണികൾ നടന്നിട്ടില്ലായെന്നും അവ അടിയന്തിരമായി തീർക്കണമെന്നും അഭിപ്രായപ്പെട്ടു. പ്രധാന റോഡിന്റെ പല ഭാഗത്തും സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല. കുമാലി ഭാഗത്ത് ലൈറ്റ് ഇല്ല. ഒരു ആരാധനാലയം സ്ഥിതി ചെയ്യുന്ന സ്ഥലമായതിനാൽ ആ ഭാഗങ്ങളിൽ ഏകദേശം ഇരുപതോളം ലൈറ്റുകൾ സ്ഥാപിക്കണമെന്നും, നന്തിക്കര തുടങ്ങിയ സ്ഥലങ്ങളിൽ സ്കൈവാക് സ്ഥാപിക്കണമെന്നും പ്രൊഫ.രവീന്ദ്രനാഥ് അഭിപ്രായപ്പെട്ടു.

പേരാമ്പ്രയിൽ അപകടത്തിൽപ്പെട്ട് 25 ലധികം പേർ ഇതുവരെ മരിച്ചിട്ടുണ്ടെന്നും. ആ ഭാഗത്ത് സർവീസ് റോഡ് ആവശ്യമാണെന്നും റോഡ് വികസനത്തിനായി ആളുകളെ ഒഴിപ്പിക്കുന്നതിൽ ഡെപ്യൂട്ടി കളക്ടർക്ക് വേഗത പോരെന്നും ശ്രീ.ദേവസ്സി.എം.എൽ.എ അഭിപ്രായപ്പെട്ടു.

മുൻപ് തീരുമാനിച്ചതിൽ, കുറച്ച് പണികൾ കൂടി തീരാനുണ്ടെന്നും, സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിൽ ചിലയിടങ്ങളിൽ സാങ്കേതിക ബുദ്ധിമുട്ടുകളുണ്ടെന്നും അവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടിവരുമെന്നും പ്രൊജക്ട് ഡയറക്ടർ (NHAI) പറഞ്ഞു. 539 ലൈറ്റുകൾ സ്ഥാപിക്കാനുള്ളതിൽ 309 എണ്ണം ഉടൻ പൂർത്തീകരിക്കും. ആദ്യത്തെ മീറ്റിംഗിൽ തീരുമാനിച്ച പല പ്രവൃത്തികളും തുടങ്ങാൻ സാധിച്ചിട്ടില്ല. പ്രൊപ്പോസൽ സർക്കാരിലുണ്ട്. DPR പ്രകാരം 26 കി.മീ സർവീസ് റോഡ് മാത്രമേ ചെയ്യാൻ കഴിയൂ എന്നും പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

മുൻ യോഗതീരുമാന പ്രകാരം ചെയ്യാൻ തീരുമാനിച്ച പ്രവൃത്തികൾക്കായുള്ള 96 കോടി രൂപയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് decline ചെയ്തതായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു. ഇത് Resubmit ചെയ്യുവാൻ CM നിർദ്ദേശിച്ചു. സിഗ്നൽ ലൈറ്റുകൾ

സ്ഥാപിക്കുന്നതിൽ KSEB യുടെ ഭാഗത്തുനിന്നും വേണ്ടത്ര വേഗതയില്ലായെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം മാർച്ച് 31-ന് മുൻപ് അങ്കമാലി വരെയുള്ള ലൈറ്റുകൾ സ്ഥാപിക്കണമെന്ന് NHAI പ്രോജക്റ്റ് ഡയറക്ടർക്കും, KSEB ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. അതുപോലെ ബസ്ബേ ആവശ്യമുള്ള സ്ഥലങ്ങളിൽ മാർച്ച് 31-ന് മുൻപ് നിർമ്മിക്കാനും നിർദ്ദേശിച്ചു. ഗാമൺ ഇന്ത്യാ പ്ലാസിന് സമീപം സർവ്വീസ് റോഡ് ശരിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കൺസഷണയർ കമ്പനിയോട് സെക്രട്ടറി ആവശ്യപ്പെട്ടു.

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് കുറച്ച് സമയം ആവശ്യമുണ്ടെന്നും, എസ്റ്റിമേറ്റ് ലഭിക്കണമെന്നും അതനുസരിച്ച് എത്രയും വേഗം പണികൾ പൂർത്തിയാക്കാമെന്നും യോഗത്തിൽ പങ്കെടുത്ത KSEB ഉദ്യോഗസ്ഥർ അറിയിച്ചു.

ആവശ്യമുള്ള സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് അപേക്ഷ കിട്ടിയാൽ ഉടനെ തീരുമാനം എടുക്കണമെന്ന് KSEB അധികൃതർക്ക് ബഹു.മുഖ്യമന്ത്രി നിർദ്ദേശം നൽകി. അങ്കമാലി വരെയുള്ള ഭാഗത്തെ കണക്കുകൾ എത്രയും വേഗം നൽകണമെന്ന് NHAI യുടെ പ്രോജക്റ്റ് ഡയറക്ടറോട് അദ്ദേഹം ആവശ്യപ്പെട്ടു. മുൻ യോഗങ്ങളിലെ തീരുമാനങ്ങളിൽ നിന്ന് പുറകോട്ട് പോകാൻ കഴിയില്ലെന്നും, skywalk ഏറ്റവും ആവശ്യമുള്ള 5 ഇടങ്ങളിൽ എം.എൽ.എ മാർ പറയുന്ന പ്രകാരം ചെയ്യാനും അദ്ദേഹം നിർദ്ദേശിച്ചു. ഇതിനായി വേണമെങ്കിൽ സ്പോൺസർമാരെ കണ്ടെത്തുകയുമാകാം.

എല്ലാ അടിസ്ഥാന പ്രവൃത്തികളും സംസ്ഥാന സർക്കാരിന് ഏറ്റെടുക്കാനാകില്ലെന്ന് ബഹു.പൊതുമരാമത്ത് വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. പ്രവൃത്തികൾ നടത്തേണ്ട സ്ഥലങ്ങളിൽ ഫെബ്രുവരി 25-ന് ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്താനും അദ്ദേഹം നിർദ്ദേശിച്ചു.

ദേശീയപാതയുടെ ഡിവൈഡറുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് കറണ്ട് ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കാനും, ഇങ്ങനെ 100 മെഗാവാട്ട് വൈദ്യുതി വരെ ഉൽപാദിപ്പിക്കാൻ സാധിക്കുമെന്നും യോഗത്തിൽ പങ്കെടുത്ത ബഹു.ഗതാഗത, വിദ്യുച്ഛക്തി വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. പലയിടത്തും പകൽസമയത്തും ലൈറ്റുകൾ ഓഫാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടത് ബന്ധപ്പെട്ടവരെ പലവട്ടം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പ്രവൃത്തികളുടെ ചർച്ച അവസാനിച്ചപ്പോൾ ടോൾ കളക്ഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു. ടോൾ റേറ്റ് കൂടുതലാണെന്നും, കഴിയുകയാണെങ്കിൽ കുറയ്ക്കുന്ന കാര്യം പരിശോധിക്കണമെന്നും യോഗത്തിൽ പങ്കെടുത്ത ജനപ്രതിനിധികൾ ആവശ്യപ്പെട്ടു. ടോൾ റേറ്റ് കുറയ്ക്കുന്നത് തങ്ങളുടെ അധികാര പരിധിയിലല്ലെന്ന് NHAI പ്രോജക്റ്റ് ഡയറക്ടർ പറഞ്ഞു.

തങ്ങൾക്ക് സാമ്പത്തിക ഞെരുക്കം ഉണ്ടെന്നും, ബാങ്ക് വായ്പകളുടെ പലിശ, ശമ്പളം, maintenance എന്നിവ നടത്തുന്നതിന് തന്നെ വൻതുക ചെലവാകുന്നുവെന്നും കൺസഷണർ കമ്പനിയായ GIPL-ന്റെ പ്രതിനിധികൾ പറഞ്ഞു.

എന്നാൽ LMV യുടെ ടോൾ നിരക്ക് എങ്കിലും കുറയ്ക്കാൻ കഴിയുമോ എങ്കിൽ സമരം ഒഴിവാകുമോ എന്നും ബഹു.മുഖ്യമന്ത്രി ആരാഞ്ഞു. അതിന്റെ നിരക്ക് കുറഞ്ഞാൽ തന്നെ വാഹനങ്ങളുടെ എണ്ണം കൂടി വരുമെന്നതിനാൽ കുഴപ്പമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ടോൾ പ്ലാസയ്ക്ക് സമീപം നടക്കുന്ന സമരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാമെങ്കിൽ ടോൾ നിരക്ക് കുറയ്ക്കുന്ന കാര്യം പരിശോധിക്കാമെന്ന് GIPL അധികൃതർ പറഞ്ഞു. മൾട്ടി ആക്സിൽ വാഹനങ്ങളുടെ ടോൾ നിരക്ക് വർദ്ധിപ്പിക്കുന്നതിൽ കുഴപ്പമില്ലെന്ന് ബഹു.മരാമത്ത് വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ ടോൾ നിരക്ക് വർദ്ധിപ്പിക്കേണ്ടതില്ലെന്ന് ബഹു.ഗതാഗത വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

KSRTC ബസുകൾ പ്ലാസയിൽ ടോൾ നൽകേണ്ടതില്ലെന്നും ഇത് പരിഹരിക്കണമെന്നും GIPL അധികൃതർ പറഞ്ഞു. കൺസഷൻ റേറ്റാണെങ്കിലും ഒരു മാസം 4 കോടിയോളം രൂപ വേണ്ടിവരുമെന്ന് KSRTC മാനേജിംഗ് ഡയറക്ടർ പറഞ്ഞു. ഇത് വൻ ബാധ്യതയാണ്. ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ മരാമത്ത് വകുപ്പുമന്ത്രിയും, ഗതാഗത വകുപ്പുമന്ത്രിയും, കൺസഷണർ കമ്പനിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ഗതാഗത വകുപ്പുമന്ത്രിയുടെ ചേമ്പറിൽ യോഗം ചേരാൻ തീരുമാനിച്ചു. സംസ്ഥാന ഗവൺമെന്റ് കൺസഷണർ കമ്പനിക്ക് നൽകേണ്ട ടോൾ സൗജന്യം നൽകിയ ഇനത്തിലും മറ്റും നൽകേണ്ട സംഖ്യ സംബന്ധിച്ച പ്രൊപ്പോസൽ അയക്കുവാൻ ബഹു.മുഖ്യമന്ത്രി മരാമത്ത് വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

യോഗം 1.40 PM-ന് അവസാനിച്ചു.

**<u>മീറ്റിംഗിൽ പങ്കെടുത്തവർ</u>**

1. പ്രൊഫ.സി.രവീന്ദ്രനാഥ് എം.എൽ.എ
2. ശ്രീ. ബി.ഡി.ദേവസ്സി.എം.എൽ.എ
3. ശ്രീ.ജോസ് തെറ്റയിൽ എം.എൽ.എ
4. ശ്രീ.റ്റി.ഒ.സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
5. ശ്രീ.സുരേഷ് കുമാർ വി.എസ്, ജോയിന്റ് സെക്രട്ടറി, ട്രാൻസ്പോർട്ട്
6. ശ്രീ.രാജ് തിലകൻ എം.ജി, ഡെപ്യൂട്ടി സെക്രട്ടറി, PWD
7. എസ്.മോഹനൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, NH, എറണാകുളം
8. ശ്രീമതി. നളിനി.സി.ജെ, EE, NH, കൊടുങ്ങല്ലൂർ
9. ശ്രീ.കമൽ വർമ്മ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,SREI, ഡൽഹി
10. ശ്രീ.ദീപക് മിത്തൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KMCIL
11. ശ്രീ.പ്രകാശ് ശങ്കർ, ചീഫ് കോർഡിനേറ്റർ, KMCIL